# പള്ളീലപ്പച്ചൻ

ഞങ്ങളുടെ പള്ളീലപ്പച്ചനെ അറിയുകയില്ലേ! ഞങ്ങളുടെ പള്ളീലെ ഏറ്റവും ബഹുമാന്യനായ, പൂജ്യനായ ആളാണ്. അദ്ദേഹത്തിനാണ് ഏറ്റവും പ്രായകൂടുതൽ എന്നാണ് എല്ലാവരും ധരിച്ചിരിക്കുന്നതും. കണ്ടാൽ ഒരു എണ്പതിന്റെ ലക്ഷണമുണ്ട്. ഉള്ളതു പറഞ്ഞാൽ എഴുപതേ ഉള്ളു. പക്ഷേ,ഇതിലെല്ലാം ഉപരിയായുള്ള, പ്രായാധിക്യമുള്ള ഒരാളിന്റെ ലക്ഷണമാണ് എപ്പോഴും അഭിനയിച്ചു കാണിക്കുന്നത്. മറ്റുള്ളവരിൽ നിന്ന് ബഹുമാനം വാങ്ങാനുള്ള അടവല്ലേ!

ന്യൂയോക്കിലുള്ള കള്ളുതോമ്മായെ അറിയാത്തവരായി മലയാളികളാരാണുള്ളത്. നേരം വെളുത്താൽ കിടക്കുന്നതുവരെ 'വെള്ളമേ ശരണം' എന്നു കഴിഞ്ഞിരുന്ന തോമ്മായ്ക്ക് നാട്ടുകാരിട്ട പേരാണ് "കള്ളുതോമ്മാ". കൊച്ചുമേരിയുടെ സൽഗതിക്കോ ദുർഗതിക്കോ കൂട്ടിനു കിട്ടിയ ജീവിത പങ്കാളിയാണ്.

കൊച്ചുമേരി അമേരിക്കയിൽ നേഴ്സായ് ജോലി ചെയ്യുകയാണ്. ന്യൂയോക്കിൽ വന്ന കാലം മുതൽ രാപകലില്ലാതെ ജോലി ചെയ്യുകയാണ്. വിശ്രമംഎന്തെന്നറിഞ്ഞിട്ടില്ല; വിശ്രമം ഇഷ്ടമില്ലാത്താളാണ് കൊച്ചുമേരി. ഇത്രയും കാലമായിട്ടും ഒരിക്കൽ പോലും കേരളത്തിൽ പോയിട്ടില്ല. അക്കാര്യം മറന്നുപോയതുപോലെയാണ്. അങ്ങിനെ സമയം പോയതറിഞ്ഞില്ല. ഒരു ദിവസം കണ്ണാടിയുടെ മുൻപിൽ നിന്നപ്പോഴാണ് തലമുടിയിൽ അവിടവിടെ വെള്ളികെട്ടിയിരിക്കുന്നത് കണ്ടത്. അപ്പോഴാണ് വയസ്സ് നാല്പത്. ഈ വയസ്സാം കാലത്ത് അതിനു പറ്റിയ ഒരാളെ കിട്ടുമെന്ന് തീരെ പ്രതീക്ഷിച്ചില്ല. എന്തായാലും വിവരം അമ്മയെ അറിയിച്ചു.

കൊച്ചുത്രേസിയുടെ ഏക സന്താനമാണ് കൊച്ചുമേരി. മകൾ അമേരിക്കയിൽ പോയതോടെ വീടിന്റെ ലക്ഷണമെല്ലാം മാറി. പണ്ട് ഒരു കൂനാച്ചുപുരയിൽ അഞ്ചു സെന്റ് സ്ഥലത്ത് താമസിച്ചിരുന്നവർ ടൗണിൽ പോയ് റോഡ്സൈഡിൽ ഒരേക്കർ പുരയിടം വാങ്ങി. അവിടെ ആരും ശ്രദ്ധിക്കത്തക്കവിധം മനോഹരമായ ഒരു മണിമാളികയും പണിയിപ്പിച്ചു. പണ്ട് കഞ്ഞിയും കപ്പയും ദരിദ്ര്യമായി കഴിഞ്ഞിരുന്നടത്ത് ഇപ്പോൾ സുഭിക്ഷമായ് നല്ല നല്ല ഭക്ഷണങ്ങൾ കഴിയ്ക്കാൻ തുടങ്ങി. കൊച്ചുമേരിയ്ക്കും അക്കാര്യത്തിൽ നിബ്ന്ധമായിരുന്നു: അമ്മ നല്ല ഭക്ഷണം കഴിച്ചും നല്ല വസ്ത്രങ്ങൾ ധരിച്ചും കഴിയണമെന്നത്. വളരെ വഷങ്ങൾക്കു മുമ്പേ അവളുടെ അപ്പൻ മരിച്ചുപോയതാണ്. വളരെ കഷ്ടപ്പെട്ടാണ് കൊച്ചു ത്രേസി കഴിഞ്ഞിരുന്നത്. എന്തായാലും കൊച്ചുത്രേസി കാൽ കാശ് അനാവശ്യമായ് കളയത്തില്ല. "എന്റെ കൊച്ച് അമേരിക്കയിൽ പോയി കിടന്ന് കഷ്ടപ്പെട്ടുണ്ടാക്കുന്ന കാശാണ്" അവർ എപ്പോഴും പറയും.

വിവാഹദല്ലാൾ അവറാച്ചന്റെ കയ്യിൽ കൊച്ചുമേരിയുടെ പ്രായത്തിനു പാകമായ് ഒരാൾ ഉണ്ട്; തോമ്മാ. തോമ്മായ്ക്ക് വയസ്സ് നാല്പത്തിഒന്ന്. നല്ല മര്യാദക്കാരൻ. കണ്ടാൽ യാതൊരു കുഴപ്പവുമില്ല. വെളുത്ത നിറമാണ്. യാതൊരു ദുസ്വഭാവവും ഇല്ല. സിഗരറ്റു വലിക്കത്തില്ല. പെണ്ണുങ്ങളുടെമുഖത്തു നോക്കത്തില്ല. പിന്നെ സ്വല്പം മദ്യപിക്കും. ആണുങ്ങളായാൽ സ്വല്പം മദ്യപിക്കുന്നതുകൊണ്ട് വല്ല കുഴപ്പവുമുണ്ടോ എന്നായിരുന്നു കൊച്ചുമേരിയുടെ അന്നത്തെ ഭാഷ.

പെണ്ണുങ്ങളുമായി ഇത്തിരി ഇടപാടില്ലാത്തവൻ ആങ്കട്ടിയാണോ എന്നായിരുന്നു കൊച്ചുത്രേസ്യായുടെ ചിന്ത. "അവടപ്പനാണേലും എന്നെ കെട്ടുന്നതിനു മുമ്പ് പെണ്ണുങ്ങളുമായി ഇത്തിരി കാര്യങ്ങളുണ്ടായിരുന്നതുകൊണ്ട് ഞങ്ങടെ ജീവിതം എന്തു സുകമായിരുന്നു. അല്ലങ്കിൽ ഒന്നുമറിയാൻ വയ്യാത്ത ഞാൻ പാടുപെട്ടു പോകത്തില്ലാരുന്നോ? എന്തായാലും അതു വേണ്ടായെന്ന് കൊച്ചുമേരിയും.

അന്ന് തോമ്മായ്ക്ക് വേറെ ജോലിയൊന്നുമില്ലായിരുന്നു. അല്ലങ്കിലും ജോലിക്കു പോകേണ്ട ആവശ്യകതയുമല്ലായിരുന്നു. ആവശ്യത്തിൽ കൂടുതൽ സ്വത്തും ഭൂസ്വത്തും ഉണ്ട്. ഒറൊത, തോമ്മായുടെ അമ്മ അതെല്ലാം ജോലിക്കാരെക്കൊണ്ടുനോക്കി നടത്തിക്കൊള്ളും.

ഹൈസ്ക്കൂൾ കഴിഞ്ഞതോടെ തോമ്മാ രാഷ്ട്രീയത്തിലേപ്പെട്ടു. എന്നെങ്കിലും കേരളത്തിലെ ഒരു മന്ത്രിയായി തീരുമെന്നുള്ള സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാണ്.

ഹൈസ്ക്കൂളിൽ ആദ്യം തോറ്റ് മനപ്രയാസവുമായി നടന്നപ്പോളാണ് കരിയാമുതലാളിയുടെ മകൻ ലൂക്കു, തോമ്മായുടെ മനപ്രയാസം മാറ്റാനായ് മദ്യം ശീലിപ്പിച്ചു തുടങ്ങിയത്. ആദ്യകാലത്ത് ലൂക്കോയ്ക്ക് സ്വല്പം ചിലവു വന്നെങ്കിലും, തോമ്മാ നല്ല കടിക്കാരനായപ്പോൾ എന്നും ലൂക്കോയുടെ മദ്യപാനചിലവ് തോമ്മാ വഹിച്ചു. "എന്റെ സങ്കടത്തിൽ നിന്നും എന്നെ കരക്കേറ്റിയവനാണ് ലൂക്കാ" എന്നാണ് തോമ്മാ പറയാറുള്ളത്.

എത്ര മദ്യപിച്ചാലും മോശമായ യാതൊരു സംസാരമോ പ്രവർത്തിയോ തോമ്മായിൽ നിന്നുണ്ടായില്ല. "അമ്മേ, എന്റെ മനപ്രയാസം മാറണമെങ്കിൽ ഇവൻ സ്വല്പം അകത്തു ചെന്നേ പറ്റു." ഒറൊതയ്ക്ക് വേറൊന്നും മറുപടി പറയാനും അറിയത്തില്ലായിരുന്നു. തോമ്മായുടെ ചെറുപ്പത്തിലേ അപ്പൻ മരിച്ചു പോയിരുന്നതുകൊണ്ട് വേറാരും ഗുണദോഷിക്കാനുമില്ല. എന്തായാലും കാലത്തു വീട്ടിൽ നിന്നും പോയാൽ രാഷ്ട്രീയവുമെല്ലാം കഴിച്ച് രാത്രിയിൽ വീട്ടിൽ വന്നാൽ ഒറൊതയുടെ കൂടെയിരുന്ന് എല്ലാ ദിവസവും പ്രാത്ഥിക്കും. ഞായറാഴ്ച പള്ളിയിൽ പോക്കും മുടങ്ങാറില്ല. അതുകൊണ്ട് ഒറൊതയ്ക്ക് വലിയ പരാതിയും ഇല്ല.

അങ്ങിനെ ദിവസങ്ങൾ പോയതറിഞ്ഞില്ല. തോമ്മായ്ക്ക് വയസ്സ് നാല്പത്തി ഒന്നായി. ഇതുവരെ കല്യാണം കഴിച്ചിട്ടില്ല. ഒരാലോചനയും വന്നിട്ടില്ല. അവനും അതേപ്പറ്റി ചിന്തിച്ചിട്ടില്ല. ഒരെയൊരാഗ്രഹം: കേരളത്തിലെ മന്ത്രിയാകണം എന്നു മാത്രം. അതിൽ അവനെ കുറ്റം പറയാനുമില്ലല്ലോ.

അവറാച്ചൻ കല്യാണാലോചനയുമായി വന്നപ്പോൾ ഒറൊതയ്ക്ക് ഒന്നും പറയാനില്ലായിരുന്നു. "അവനോട് ചോദിയ്ക്കും" എന്നു മാത്രം പറഞ്ഞു. ഞായറാഴ്ച തോമ്മായെ കണ്ട് പറഞ്ഞപ്പോൾ ആദ്യം സമ്മതമല്ലായിരുന്നു. അമേരിക്ക എല്ലാം പോയ്ക്കാണാം; അമേരിക്കയിൽ നിന്നും മടങ്ങി വരുമ്പോൾ ഒന്നു കൂടെ ആക്കം കൂടി യാതൊരുപ്രയാസവുമില്ലാതെ മന്ത്രിയാകാമല്ലോ എന്ന വാക്ക് തോമ്മായ്ക്കിഷ്ടപ്പെട്ടു.

"കല്യാണം നടന്നില്ലങ്കിൽ വേണ്ടാ; രണ്ടാം കെട്ടുകാരനെ കെട്ടത്തില്ല" കൊച്ചുമേരിയ്ക്ക് വാശിയായിരുന്നു. എന്തായാലും അവറാച്ചൻ പറ്റിയ ചെറുക്കനെ കൊണ്ടു കൊടുത്തു. ആ ഇനത്തിൽ അവറാച്ചൻ രണ്ടിടത്തു നിന്നും കോളടിച്ചു. ഒറൊതയും മനസ്സറിഞ്ഞ് കൈ നിറയെ കൊടുത്തു. തോമ്മാ വിവരം അറിഞ്ഞില്ലന്നു മാത്രം.

പെണ്ണുകാണൽ പരിപാടിയിൽ ചെറുക്കനും പെണ്ണിനും പരസ്പരം വളരെ ഇഷ്ടപ്പെട്ടു. പിന്നീടെല്ലാം പെട്ടന്നായിരുന്നു. അമേരിക്കൻ പൗരത്വം എടുത്തിരുന്ന കൊച്ചുമേരി കല്യാണം കഴിച്ച് മൂന്നു മാസം കഴിഞ്ഞ് മടങ്ങിപോയപ്പോൾ തോമ്മായേയും കൂട്ടികൊണ്ടാണ് പോയത്.

ഇല്ലങ്കിൽ അവൾക്കും സംശയമായിരുന്നു തോമ്മാ മന്ത്രിയാകണമെന്നും പറഞ്ഞ് നാട്ടിൽ തന്നെ ഒരു പക്ഷേ നിന്നു പോയേക്കും.

ആദ്യരാത്രിയിലെ കൊച്ചുമേരിക്ക് തോമ്മായെ നല്ലവണ്ണം മനസ്സിലായി. ആദ്യരാരതി ഘോഷിക്കാൻ ആയിരമായിരം സ്വപ്നങ്ങളുമായി കാത്തിരുന്ന അവളുടെ അടുക്കൽ മദ്യലഹരിയിൽ കയങ്ങിവന്ന് കിടന്നുറങ്ങുന്ന തോമ്മായെ കണ്ടപ്പോൾ അവൾക്ക് പുഛമാണ് ഉണ്ടായത്. പിന്നീടുള്ള പല ദിവസങ്ങളിലും പകലും രാത്രിയും അവൾ പരിശ്രമിച്ചെങ്കിലും അയാളുടെ ചിന്ത വേറെയായിരുന്നു: "ലൈംഗിക വേഴ്ച ചെയ്യുന്നത് പാപ"മെന്ന് അമ്മ കുഞ്ഞുനാളിലെ അവനെ പഠിപ്പിച്ചിരുന്നു. അവൻ പഠിച്ചുവളന്നത് ഓമ്മിച്ചു: ദാവീദു പോലും. സങ്കീത്തനം ചൊല്ലിയത് "പാപത്താൽ അമ്മ എന്നെ ഗഭം ധരിച്ചു" എന്നാണല്ലോ. പിന്നെ ലോകത്തിന്റെ നിലനില്പിനു വേണ്ടി ഇരുളിന്റെ മറവിൽ വല്ലപ്പോഴും ആകാം എന്ന ചിന്താഗതിക്കാരനാണ് തോമ്മാ. അല്പം മദ്യം കിട്ടിയാൽ തോമ്മായ്ക്ക് സ്വഗ്ഗമാണ്. പന്നെ അമേരിക്കയും, അഫ്രിക്കയും ഒന്നും വേറെ യാതൊരു ലോകവും വേണ്ട. മദ്യപിക്കുന്നത് തെറ്റാണെന്ന് വേദപുസ്തകത്തിൽ എവിടേയും പറഞ്ഞിട്ടില്ലന്നു മാത്രമല്ല; മദ്യം തീന്നപ്പോൾ യേശു തന്നെ മദ്യം ഉണ്ടാക്കി ആദ്യത്തെ അത്ഭുതം കാട്ടിയതല്ലേ.

പലപ്രാവശ്യം അവളുടെ നിബന്ധത്തിനു വഴങ്ങി ഭോഗപ്രക്യയിലേപ്പെട്ടിട്ടും അയാൾ സന്തുഷ്ടനായില്ല; അവളെ സന്തുഷ്ടയാക്കാനും സാധിച്ചില്ല. ഇങ്ങിനെയുള്ള ഒരു കുരിശാണല്ലൊ കിട്ടിയതെന്ന് അവളോത്തു. അമേരിക്കയിൽ ചെന്നശേഷം അയാളെ മിടുക്കനാക്കാമെന്ന് അവൾ വിചാരിച്ചു.

അമേരിക്കയിൽ വന്നശേഷം പല പ്രാവശ്യം രതിവികൃതികൾ നടക്കുന്ന സിനിമകൾ അവനെ കാണിച്ചെങ്കിലും അപ്പോഴെല്ലാം മദ്യപിച്ച് അയാൾ മയങ്ങുകയായിരുന്നു. ഇങ്ങിനയുള്ള കാഴ്ച കാണുന്നതു തന്നെ പാപമെന്നാണ് അയാൾ പഠിച്ചിട്ടുള്ളതും. അമേരിക്ക പാപികളുടെ പറുദീസയാണെന്ന് അയാളുടെ ചിന്താഗതി.

ന്യൂയോക്കിലെ പല സ്ഥലത്തും ജോലിക്കു വിട്ടു. ജോലിയെല്ലാം ഭംഗിയായും വൃത്തിയായും ചെയ്യും. എന്ത് കഠിനാദ്ധ്വാനവും ചെയ്യാൻ മടിയില്ല. പക്ഷ, മദ്യപിക്കാതെ ജോലിക്കു പോകാനോ ജോലി ചെയ്യാനോ അയാൾക്കു സാദ്ധ്യമല്ല. അക്കാരണത്താൽ എല്ലാവരും ജോലിയിൽനിന്നും അയാളെ പറഞ്ഞുവിട്ടു. എത്ര നല്ല ജോലിക്കാരനാണെങ്കിലും മദ്യപിച്ച് ജോലിചെയ്യാൻ അമേരിക്കയിൽ ആരും സമ്മതിക്കത്തില്ലല്ലോ.

അങ്ങിനെ ഏകദേശം ഇരുപത്തൊന്ന്ത് മുപ്പതു വഷക്കാലം ന്യൂയോക്കിൽ അവർ കഴിച്ചു. കൊച്ചുമേരിയുടെ ഒരു കൂട്ടുകാരി അന്നക്കുട്ടി ഡിട്രോയിറ്റിൽ ഉണ്ട്. ഒരിക്കൽ അന്നക്കുട്ടി പറഞ്ഞതിൻ പ്രകാരം കൊച്ചുമേരിയും തോമ്മായും എല്ലാം കെട്ടിപ്പെറുക്കി ഡിട്രോയിറ്റിലേക്ക് താമസം മാറി.

അവിടെ വന്നപ്പോൾ തോമ്മാ, തോമ്മാച്ചൻ ആയി. അന്നക്കുട്ടി വിവരമെല്ലാം വികാരിയച്ചനോടു പറഞ്ഞിരുന്നു. അച്ചൻ പറഞ്ഞതിൻ പ്രകാരമായിരുന്നു അവരെ അങ്ങോട്ടു വരുത്തിയതും. ആദ്യകാലങ്ങളിൽ അവർ അന്നക്കുട്ടി കുടുംബത്തിന്റെ കൂടെയായിരുന്നു താമസം. അവരുടെ വീട്ടിൽ മദ്യം ആരും ഉപയോഗിക്കത്തില്ല; ആ വീട്ടിൽ വെച്ചേക്കത്തുമില്ലായിരുന്നു. അവിടെ വന്ന് കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അവർ പള്ളിയിൽ പോയി. പള്ളിയിൽ അച്ചൻ പുതുതായി വന്ന അവരെ ദീഘമായ ഒരുപ്രസംഗം നടത്തി സ്വാഗതം ചെയ്തു.

"നമ്മുടെ പള്ളിയ്ക്ക് ഇന്നു മുതൽ ഒരപ്പച്ചൻ ഉണ്ടായിരിക്കുന്നു. ഈ ഇടവകയ്ക്കു മുഴുവനും മാതൃകാപരമായ ഒരപ്പച്ചൻ വേറെയില്ല. യാതൊരു ദുമ്മാഗ്ഗവുമില്ലാത്ത ഒരപ്പച്ചനാണ്. പുകവലി ഇല്ല. മദ്യപാനം ഇല്ല. സ്ത്രീലമ്പടൻ അല്ല. ചതി, കുശുമ്പ്, കുന്നായ്മ ഒന്നുമില്ല. ഇങ്ങിനെയുള്ള ഒരപ്പച്ചനെ നമ്മൾക്ക് ദൈവം സ്വഗ്ഗത്തിൽ നിന്ന് അയച്ചു തന്നതാണ്" വികാരിയച്ചന്റെ വികാരനിഭയമായ ഈ വിശദീകരണ പ്രസംഗത്തിൽ കുടുങ്ങി, അച്ചനു പേരുദോഷമുണ്ടാക്കല്ലോയെന്നു കരുതി അയാൾ മദ്യപാനം നിത്താൻ നിബന്ധിതനായി. പണ്ടായിരുന്നെങ്കിൽ സന്തോഷമോ സന്താപമോ വരുമ്പോൾ കുടി. കൂട്ടുകാർ ഉണ്ടെങ്കിലും ഇല്ലങ്കിലും കുടി. അച്ചന്റെ പ്രസംഗം കൂടാതെ അച്ചൻ കൗൺസിലംഗ് നടത്തി. ഒരു മദ്യപാനിയെ ഒരു രാജ്യത്തും ഒരു മന്ത്രിയാക്കുകയില്ലന്ന് ഭീഷണിപ്പെടുത്തി. ഈ സമ്മദത്തിനുവഴങ്ങി അയാൾ മദ്യപാനം നിത്തി. അപ്പോൾ എപ്പോഴും ഉറക്കമായി ശീലം.

അങ്ങിനെ തോമ്മാച്ചായനും കൊച്ചുമേരിയും അന്നക്കുട്ടി ജോസഫ് കുടുംബത്തിന്റെ കൂടെ ദീഘനാൾ കഴിച്ചുകൂട്ടി.

ഇത്രയും പ്രായമായ ശേഷം വിവാഹം കഴിച്ചതുകൊണ്ട് കൊച്ചുമേരിക്ക് കുട്ടികളുമില്ലായിരുന്നു. രണ്ടു പ്രാവശ്യം ഗർഭമലസ്സിപ്പോയി. അതിൽ കൊച്ചുമേരിക്ക് യാതൊരു സങ്കടവുമില്ലായിരുന്നു.

പഠിയ്ക്കാൻ വലിയ മിടുക്കിയല്ലായിരുന്നെങ്കിലും എല്ലാ ക്ലാസ്സിലും തോൽക്കാതെ കൊച്ചുമേരി പഠിച്ച് ഹൈസ്ക്കൂൾ പാസായി. മുൻപോട്ട് പഠിയ്ക്കാനാഗ്രഹമുണ്ടായിരുന്നെങ്കിലും വീട്ടിൽ സാമ്പത്തിക ശേഷി ഇല്ലായിരുന്നു. ആയിടയ്ക്കായിരുന്നു അയൽപക്കത്തുള്ള ജോർജ്ജ് നാട്ടിൽ അവധിക്കു വന്നത്. അന്ന് ജോർജ്ജ് ഡൽഹിയിൽ മെയിൽ നേഴ്സായി ജോലി ചെയ്യുകയായിരുന്നു

ഒരു ദിവസം കൊച്ചുമേരി പള്ളി പിരിഞ്ഞു കഴിഞ്ഞപ്പോൾ വെറുതെ, ജോർജ്ജിനോട് തന്നെയും നേഴ്സിംഗിന് പ്രവേശനം വാങ്ങി കൊടുക്കാമോ എന്നു ചോദിച്ചു. ഒരിക്കലും പ്രതീക്ഷിക്കാത്തതായിരുന്നു സംഭവിച്ചത്: ജോർജ്ജ്സമ്മതിച്ചു പക്ഷേ, ചില കരാറുകൾ ഉണ്ടായിരുന്നു: ഡൽഹിയിൽ ചെന്നാലുടനെ ആരും നേഴ്സിംഗിന് പ്രവേശനം കൊടുക്കത്തില്ല. അപ്പോൾ അക്കാലമെല്ലാം അയാളുടെ കൂടെ കഴിയണം. എല്ലാ കാര്യത്തിലും സഹകരിക്കണം. വ്യവസ്ഥകൾ എല്ലാം കൊച്ചുമേരി സമ്മതിച്ചു. പക്ഷേ, ഈ വ്യവസ്ഥകളൊന്നും കൊച്ചുത്രേസ്യാക്കറിയത്തില്ലായിരുന്നു.

അങ്ങിനെ ജോർജ്ജിന്റെ കൂടെ ഏകദേശം ഒരുവർഷം ഡൽഹിയിൽ താമസിച്ചതിനു ശേഷമായിരുന്നു കൊച്ചുമേരിയ്ക്ക് നേഴ്സിംഗിന് പ്രവേശനം കിട്ടിയത്. ട്രയിനിംഗ്കാലത്തും ജോർജ്ജ് വന്ന് വിളിക്കുമ്പോൾ അയാളുടെ കൂടെ പോയി താമസിക്കുമായിരുന്നു. അതെല്ലാം അവരുടെ കരാറിൽ ഉൾപ്പെട്ട കാര്യങ്ങളാണ്.

അയാൾ നാട്ടിൽ പോയ് കല്യാണം കഴിഞ്ഞ് വന്നശേഷവും ഇതാവർത്തിച്ചിരുന്നു. അയാൾ കല്യാണം കഴിച്ചതും ഒരു നേഴ്സിനെ ആയിരുന്നു. അയാളുടെ ഭാര്യയ്ക്ക് രാത്രി ജോലിയുള്ളപ്പോൾ കൊച്ചുമേരിയ്ക്ക് അവധിയുള്ള സമയത്ത് അവർഒന്നിച്ചു കഴിഞ്ഞു.

അയിടയ്ക്കായിരുന്നു അമേരിക്കയിലേക്ക് നേഴ്സുമാർ പൊയ്ക്കൊണ്ടിരുന്നത്. ജോർജ്ജും ഭാര്യയും പോയ്. ആറുമാസം കഴിഞ്ഞപ്പോൾ ട്രയിനിംഗ് പൂർത്തിയാക്കിയ കൊച്ചുമേരിയേയും അയാൾ അമേരിക്കയിലെത്തിച്ചു. അമേരിക്കയിലെത്തിയശേഷവും അവർ തമ്മിലുള്ള ബന്ധം നിർവിഘ്നം തുടർന്നു.

ഇങ്ങിനെയുള്ള ഒരു കാലഘട്ടത്തിലാണ് കൊച്ചുമേരി കല്യാണംകഴിച്ച് തോമ്മായെ അമേരിക്കയിലെത്തിക്കുന്നത്. തന്മൂലം കൊച്ചുമേരിയ്ക്ക് ഗർഭമലസിയതിൽ ഖേദമില്ലായിരുന്നു.

തോമ്മായെക്കുറിച്ചുള്ള വിവരങ്ങൾ എല്ലാം സൂക്ഷ്മമായി അറിഞ്ഞപ്പോൾ ജോർജ്ജിനു വളരെ സന്തോഷമായി. കാരണം: തോമ്മായ്ക്ക് ഇഷ്ടംപോലെ വിദേശമദ്യങ്ങൾ ജോർജ്ജ് വാങ്ങികൊടുത്തു. തോമ്മാ മദ്യപിച്ച് ലഹരിയിൽ ആയി കഴിഞ്ഞാൽ പിന്നെ ജോർജ്ജിന്റേയും കൊച്ചുമേരിയുടേയും ലോകമാണ്. അങ്ങിനെ ഈ ദീർഘനാളുകൾ കഴിഞ്ഞു. ആർക്കും യാതൊരു കുഴപ്പവുമില്ല.

ആയിടയ്ക്കായിരുന്നു പള്ളിയിൽ വെച്ചും മലയാളി സമാജത്തില വെച്ചും ആളുകൾ കുശു കുശു അടക്കം പറയുന്നത് കൊച്ചുമേരി കേട്ടത്. “കള്ളുതോമ്മായും ഭാര്യയും” മറ്റൊന്നും ആൾക്കാർ പറഞ്ഞില്ല; മറ്റൊന്നും ആൾക്കാർക്ക് അറിയത്തുമില്ല പറയാൻ. ഇത്രയും കേട്ടപ്പോൾ കൊച്ചുമേരിക്ക് മനപ്രയാസ്സമായി. നമ്മുടെ സമൂഹത്തിന്റെ മുൻപിൽ ഒരു മദ്യപാനിയും ഭാര്യയും എന്ന അപരനാമം കേട്ടതിൽ അവൾ കാലുഷ്യപ്പെട്ടതിൽ അതിശയിക്കാനൊന്നുമില്ലല്ലോ! അതിൽ നിന്നു രക്ഷപെടാൻ ഒരു മാർഗ്ഗമന്വേഷിച്ചിരുന്നപ്പോഴാണ് അന്നക്കുട്ടി അങ്ങോട്ടു താമസം മാറ്റാൻ ആവശ്യപ്പെട്ടത്. പള്ളിയിലും സമാജത്തിലും മറ്റും ഉന്നതമായഒരുസ്ഥാനം കിട്ടാനായി കൊച്ചുമേരി എല്ലായിടത്തും ആവശ്യത്തിലധികം പണം ചിലവാക്കിയിരുന്നു.

അന്നക്കുട്ടിയും കൊച്ചുമേരിയും നേഴ്സിംഗ് പഠിച്ചിരുന്നപ്പോൾ മുതൽ ഉള്ള കൂട്ടുകെട്ടാണ്. അന്ന് അന്നക്കുട്ടിക്ക് എയർഫോഴ്സിൽ ജോലി ഉണ്ടായിരുന്ന ജോസഫുമായി പ്രേമത്തിലായിരുന്നു. അവർ തമ്മിൽ പ്രേമമെന്നതിൽ കവിഞ്ഞ് യാതൊന്നുമില്ലായിരുന്നു. എന്തായാലും വീട്ടുകാരെ വിവരമറിയിച്ചപ്പോൾ സന്തോഷമായി അവർ തമ്മിലുള്ള വിവാഹം നാട്ടിൽ വെച്ച് ഭംഗിയായി നടത്തി. ആ ഇനത്തിൽ അന്നക്കുട്ടിയുടെ വീട്ടുകാർ കൊളടിച്ചു. സ്ത്രീധനം ഒന്നും കൊടുക്കാതെ വിവാഹം നടന്നു. ചെറുക്കനും പെണ്ണും പ്രേമത്തിലാണ്. പേണ്ണിന്റെ വീട്ടിൽ സാമ്പത്തിക ഭദ്രത വളരെ കുറവും. അവരുടെ കല്യാണം നടക്കുമ്പോൾ കൊച്ചുമേരി അമേരിക്കയിലായിരുന്നു. കൊച്ചുമേരിയുടെ ചുറ്റിക്കളിയൊന്നും അന്നക്കുട്ടിക്ക് അറിയില്ലായിരുന്നു. കോച്ചുമേരി വേണ്ട എല്ലാ സഹായങ്ങളും വളരെയധികം ചെയ്താണ് അന്നക്കുട്ടി അമേരിക്കയിലെത്തിയത്. ജോസഫിന്റെ ഒരു കസിനും കുടുംബവും അന്ന് ഡിട്രോയിറ്റിൽ ഉണ്ടായിരുന്നു. അവർ ആവശ്യപ്പെട്ടതുമൂലം അന്നു മുതലേ അവർ അവിടെയാണ് താമസിച്ചത്. കൊച്ചുമേരിക്കതിൽ സന്തോഷമേ ഉണ്ടായിരുന്നുള്ളു. അവളുടെ രഹസ്യ ജീവിതത്തിന് അത് വളരെ ഉപകാരപ്പെടുകയും ചെയ്തു.

ജോസഫ് മോട്ടോർ മെക്കാനിക്കായിട്ടായിരുന്നു എയർഫോഴ്സിൽ ജോലി ചെയ്തിരുന്നത്. തന്മൂലം അമേരിക്കയിൽ വന്നപ്പോൾ നല്ല വലിയ കമ്പനിയിൽ തന്നെ നല്ല ജോലി കിട്ടി. വളരെ ദൈവാനുഗ്രഹമുള്ള ഒരു കുടുംബമായിരുന്നു.

തോമ്മാച്ചനും കൊച്ചുമേരിയും കൂടെ ഡിട്രോയിറ്റിൽ വന്നപ്പോൾ അവരുടെ കയ്യിൽ ധാരാളം പണം ഉണ്ടായിരുന്നു. എന്നിട്ട് ഏകദേശം മൂന്നു വർഷത്തോളം അവർ അന്നക്കുട്ടി ജോസഫിന്റെ കൂടെ താമസിച്ചു. അവിടെ നിന്നും മാറിതാമസിക്കുന്നതിന് അവർക്ക് ഇഷ്ടവുമല്ലായിരുന്നു.

അവർക്ക് രണ്ടു മക്കളുണ്ടായിരുന്നു. അവരുടെ കല്യാണം വർഷങ്ങൾക്കു മുമ്പ് നടന്നതാണ്. അവർ രണ്ടുപേരും മാറി താമസിക്കുകയാണ്. വാർദ്ധ്യക്യകാലത്ത് അന്നക്കുട്ടി ജോസഫ് കുടുംബത്തിന് തോമ്മാച്ചനും കൊച്ചുമേരിയും കൂടെ താമസിക്കാനെത്തിയത് വലിയ സന്തോഷമായി. അവരുടെ കൂടെ ദീർഘനാൾ താമസിച്ചാലെങ്കിലും തോമ്മാച്ചൻ നല്ലവനായാൽ മതിയെന്നായിരുന്നു ആഗ്രഹം. അവർക്ക് കൊച്ചുമേരിയോട് വളരെയധികം കടപ്പാടുണ്ടായിരുന്നു. കൂടാതെ അവർ ഒന്നിച്ചുള്ള ജീവിതം വളരെ സന്തോഷകരവുമായിരുന്നു.

ഇത്രയും പ്രായമായെങ്കിലും അന്നക്കുട്ടി ഇപ്പോഴും ജോലി ചെയ്യുന്നുണ്ട്. ജോസഫ് റിട്ടയർ ആയെങ്കിലും ഒരു ഓട്ടോമൊബൈൽ കടയിൽ ഇടയ്ക്കിടക്ക് പോയി ജോലിചെയ്യാറുണ്ട്. അവരുടെ മക്കൾരണ്ടുപേരും നിർബന്ധമായി അവർ ജോലി ചെയ്യേണ്ടതില്ലന്ന് പറഞ്ഞിട്ടും അവർ ജോലി ചെയ്യുന്നുണ്ട്. അവർക്കു രണ്ടു പേർക്കും പെൻഷനും സോഷ്യൽസെക്യൂരിറ്റിയും കിട്ടുന്നുണ്ടെങ്കിലും അവർ ജോലി ചെയ്യുന്നുണ്ട്. ജോലി ചെയ്യാതെ വെറുതെ വീട്ടിൽ ഇരുന്നാൽ രണ്ടുപേരും പെട്ടന്ന് രോഗികളാകുമെന്നാണ് അവരുടെ ശാസ്ത്രം.

ഈ സാഹചര്യത്തിൽ അവരുടെ കൂടെ താമസിക്കുന്ന കൊച്ചുമേരിയും പാർട്ട്ടൈമായ് ജോലി ചെയ്യാൻ തുടങ്ങി. ന്യൂയോർക്കിലെ അവരുടെ വീടു വിറ്റുകിട്ടിയ പണവും അവരുടെ കയ്യിലുണ്ടായിരുന്ന പണത്തിൽ സ്വല്പവുമെടുത്ത് ഒരു അപ്പാർട്ടുമെന്റ് കെട്ടിടം വിലയ്ക്കു വാങ്ങി. അതിൽ മുഴുവനും ആൾക്കാർ താമസമുണ്ട്. അതിന്റെ കാര്യങ്ങൾ മുഴുവനായും നോക്കുന്ന ചുമതല തോമ്മാച്ചനെ ഏല്പിച്ചു. കൂടാതെ തോമ്മാച്ചന് വെനൽക്കാലത്ത് കൃഷിയും ഉണ്ട്.

കൃഷിയുടെ കാര്യത്തിൽ തോമ്മാച്ചൻ ന്യൂയോർക്കിൽ വെച്ചു തന്നെ വളരെ താല്പര്യമുള്ള ആളായിരുന്നു. പാവലും പടവലവും തക്കാളിയും മുളകും വെണ്ടയും പയറുമെല്ലാം കൃഷി ചെയ്യും. ഇത്രയും മദ്യപാനം ഉണ്ടായിരുന്നപ്പോഴും കൃഷിയുടെ കാര്യത്തിൽ അയാൾ വളരെ ശ്രദ്ധാലുവായിരുന്നു. ആദ്യത്തെ വർഷം കൃഷി ചെയ്തപ്പോൾ അണ്ണാന്റെ ശല്യം ഭയങ്കരമായുണ്ടായി. എന്തു കൃഷി ചെയ്താലും അണ്ണാൻ വന്ന് അതെല്ലാം കടിച്ചും പിടിച്ചും കേടു വരുത്തുമായിരുന്നു. പിറ്റെവർഷം കൃഷി തുടങ്ങുന്നതിനു മുമ്പായി കൊച്ചുകുട്ടികൾക്ക് കളിക്കാൻ വാങ്ങികൊടുക്കുന്ന വലിയ തരം പട്ടിയുടേയും പൂച്ചയുടേയും രൂപങ്ങൾ വാങ്ങി കൃഷി സ്ഥലത്ത് പലയിടത്തായി വെച്ചു. അണ്ണാൻ ഇതു കാണുമ്പോൾ ആ പ്രദേശത്തു യാതൊരു ഉപദ്രവവും ഉണ്ടാക്കാതെ ഓടിക്കളയും. ഈ വിവരമറിഞ്ഞ് ഇതുപോലെ തക്കാളിയും മറ്റും കൃഷിചെയ്യുന്ന സായിപ്പന്മാരും മറ്റും ഇതുപോലെ കോലം വാങ്ങി വെച്ച് അണ്ണാൻ ശല്ല്യത്തിൽ നിന്ന് രക്ഷപെട്ടു.

ഇത്രയും പ്രായമായെങ്കിലും കൊച്ചുമേരിക്ക് ജോർജ്ജുമായുള്ള ബന്ധം പരിപൂർണ്ണം നിർത്താൻ സാധിച്ചില്ല. അന്നക്കുട്ടിയുടെ കൂടെ താമസമാക്കിയ മൂന്നു വർഷത്തിനിടയിൽ പല പ്രാവശ്യവും ഒരാഴ്ച വീതം കൊച്ചുമേരി തനിയെ ജോർജ്ജിന്റെ വീട്ടിൽ പോയ് താമസിച്ചിട്ട് വന്നിരുന്നു. അതിനുശേഷം അവളെ കണ്ടാൽ കൂടുതൽ ഉന്മേഷവതിയായി കാണപ്പെട്ടിരുന്നു. തോമ്മാച്ചന് അതിൽ യാതൊരു വിരോധവുമില്ല. യാതൊന്നും തെറ്റായ് അയാൾക്ക് മനസ്സിലാക്കാനും സാധിച്ചില്ല. ഇത്രയും നാൾ അവർ ഒന്നിച്ചു താമസിച്ചെങ്കിലും, ഒന്നിച്ച് ഒരു കിടക്കയിൽ കിടന്നുറങ്ങിയെങ്കിലും, വിരലേൽ എണ്ണാവുന്ന അത്രയും ദിവസമേ അവർ തമ്മിൽ ഭാര്യാഭർത്തൃ ബന്ധത്തിൽ ഏർപ്പെട്ടിരുന്നുള്ളു. മറ്റുള്ളവർ എന്തു ചെയ്യുന്നു എന്നത് അയാൾ അന്വേഷിച്ചുമില്ല; അയാൾക്കൊട്ട് അറിയുകയും വേണ്ടായിരുന്നു.

എന്തായാലും മൂന്നു വർഷം ഡിട്രോയിറ്റിൽ വന്നു താമസിച്ചതുകൊണ്ട് കള്ളുതോമ്മാ പള്ളീലപ്പച്ചനും, തോമ്മാച്ചനും ചിലർക്ക് തോമ്മാച്ചായനും ആയി. അവിടെയുള്ളവർക്കെല്ലാം മാതൃകാപുരുഷനും ആയി.